പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 102

07.08.2017-ൽ മറുപടിയ്ക്ക്

## വാഹന അപകട മരണങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. പ്രദീപ് കുമാർ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് നഗരത്തിൽ വാഹന അപകട മരണങ്ങൾ വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത് നിയന്ത്രിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് ട്രാഫിക് പോലീസ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (ബി) | വാഹനാപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി കോഴിക്കോട് സിറ്റി ട്രാഫിക് പോലീസിന് കീഴിൽ രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെയായി 40 പോയിന്റുകളിൽ പോലീസ് സേവനം നൽകി വരുന്നുണ്ട്. കൂടാതെ രണ്ട് ട്രാഫിക് സബ് ഡിവിഷനുകളിലായി 7 സെക്ടറുകളും പ്രവർത്തിച്ചു വരുന്നു. അപകടം വരുത്തുന്ന വാഹനങ്ങളുടെ ഡ്രൈവർമാരെയും സിറ്റി ട്രാഫിക് പോലീസ് സ്റ്റേഷനിൽ ദിവസവും നടന്നു വരുന്ന ബോധവത്കരണ ക്ലാസ്സിലും കൂടാതെ മോട്ടോർ വാഹന വകുപ്പ് എടപ്പാൾ ഗതാഗത ഇൻസ്റ്റിസ്റ്റ്യൂട്ടിൽ വച്ച് നടത്തി വരുന്ന ബോധവൽക്കരണ ക്ലാസ്സിലും പങ്കെടുപ്പിക്കുന്നുണ്ട്. അത്യാധുനിക സൗകര്യങ്ങളുള്ള ഇന്റർസെപ്റ്റർ വാഹനം ഉപയോഗിച്ച് അമിത വേഗത നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

കേരളത്തിലെ റോഡപകടങ്ങൾ പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടുള്ള 'ശുഭയാത്രാ' എന്ന പദ്ധതി പ്രകാരം കോഴിക്കോട് സിറ്റിയിൽ പരിശീലനം നടത്തി വരികയാണ്. സ്കൂൾ കുട്ടികൾക്കും ഡ്രൈവർമാർക്കും റെസിഡൻസ് അസോസിയേഷനുകളുമായി സഹകരിച്ച് പൊതുജനങ്ങൾക്കും ട്രാഫിക് ബോധവത്കരണ ക്ലാസ്സുകളും നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ